# അമലാപുരി-
# ദേവഗിരി
# സ്ഥാപനങ്ങൾ

*BY*

*Savioites*

WORKS
100
ALORE
74
M COLLEGE
95.4
a 94

K.95.4 Sa 94 R 14930 DHARMARAM COLLEGE LIBRARY BANGALORE



# ഒരു വാക്ക്

അമലാപുരി സ്ഥാപനങ്ങളിൽ ആദ്യം രൂപംകൊണ്ടതു വിദ്യാൎത്ഥികളുടെ സങ്കേതസ്ഥാനമായ സാവിയോനിലയ (Savio Home) മാണ്. പ്രസ്തുത സ്ഥാപനത്തിൽ ആദ്യം പ്രവേശിച്ചവരും പ്രചോദനം കൈക്കൊണ്ടവരുമാണ് ഞങ്ങൾ. ഈ സ്ഥാപനത്തോടു ഞങ്ങൾക്കുള്ള കടപ്പാട് അപാരമാണ്.

അമലാപുരിയിലും ദേവഗിരിയിലുമുള്ള സ്ഥാപനങ്ങൾക്കെല്ലാം രൂപം കൊടുത്തതും ഇന്നത്തെ ബഹുമാന്യപദവി നേടിക്കൊടുത്തതും, വളൎത്തിക്കൊണ്ടുവന്നതുമെല്ലാം ഞങ്ങളുടെ ഡയറക്ടരായിരുന്ന റവ. ഫാ. ഹോൎമ്മീസ് തന്നെയാണ്.

ഒരു അര ശതാബ്ദത്തിനിങ്ങോട്ട് മലബാറിലേക്കു കുടിയേറിയ കത്തോലിക്കരുടെ സംഖ്യ വളരെയധികമുണ്ട്. മലബാറിലെ മലയോരങ്ങളിൽ മലമ്പനിയോടും കാട്ടുജന്തുക്കളോടും പ്രതികൂല സാഹചര്യങ്ങളോടും പടവെട്ടി ജീവൻതന്നെ ഹോമിച്ച അനേകായിരം കത്തോലിക്കരുടെ നാനാതര അവശതകൾ പരിഹരിക്കുന്നതിനും, അവരുടെ വിവിധ ആവശ്യങ്ങൾ നിറവേററുന്നതിനും, അധികൃതശ്രദ്ധയിൽ ഈ പാവങ്ങളുടെ സ്വരം പെടുത്തുന്നതിനും കോഴിക്കോട്ടു രൂപതയുടെ ആഭിമുഖ്യത്തിൽ ഫാ. എസ്സ് തേർമഠം പരമാവധി പരിശ്രമിച്ചിട്ടുണ്ട്. മലബാർ കത്തോലിക്കരെ ഏകോപിപ്പിച്ചു അഭിവൃദ്ധിയുടെ പാതയിലേക്കു ആനയിക്കുന്നതിനു ഒരു കർഷകസംഘടന കരുപ്പിടിപ്പിച്ചു അദ്ദേഹം രംഗത്തിറങ്ങി പ്രവൎത്തിച്ചുവന്നു. കോഴിക്കോട്ടുനിന്നുള്ള 'സന്ദേശം' വാരികയിലൂടെയും കർഷകസം

ഘടനയിലൂടെയും അദ്ദേഹം മലബാറിലെ കത്തോലിക്കർക്ക് ചെയ്തിട്ടുള്ള സേവനം എന്നും സ്മരിക്കപ്പെടും.

ഫാദർ തേർമഠത്തിനു ശേഷം, ആ ഭാരിച്ച ഉത്തരവാദിത്വം കയ്യേററതു ഫാ. ഹോർമ്മീസായിരുന്നു. ബഹുജനസമക്ഷവും, സക്കാർ ലവലിലും കുടിയേററക്കാരുടെ ആവശ്യങ്ങളും അവശതകളും എത്തിക്കുന്നതിനു വേണ്ടി ''പ്രകാശം'' വാരികയും, കുടിയേറിയ ക്രിസ്ത്യാനികളുടെ മതപരമായ അഭിവൃദ്ധിയെ ലാക്കാക്കി ''ക്രിസ്റ്റോഫർ'' മാസികയും അദ്ദേഹം തുടങ്ങി. കമ്യൂ ദുർഭരണകാലത്തു ഈ രണ്ടു പ്രസിദ്ധീകരണങ്ങളും അനുഷ്ഠിച്ച സേവനം വിലപ്പെട്ടതായിരുന്നു. തന്മൂലം അതിൻെറ പ്രണേതാക്കളെ സക്കാർ വളരെ ബുദ്ധിമുട്ടിക്കയും ചെയ്തിരുന്നു.

ഈ കാലഘട്ടങ്ങളിലാണ് ഫാദർ വടക്കൻ (അന്നുബ്രദർ വടക്കൻ) കമ്മ്യൂണിസ്റ്റു വിരുദ്ധമുന്നണിയുമായി മലബാറിലേക്കു പ്രവേശിച്ചതു്. നിരീശ്വര കമ്മ്യൂണിസ്സത്തോടുള്ള പക മലബാറിലുടനീളം പ്രകടമായിരുന്നു. ഫാ. വടക്കനു് ജാതിമതവർഗ്ഗഭേദമെന്യെ അന്നു ലഭിച്ച സ്വാഗതം, കത്തോലിക്കാ ചൈതന്യം മലബാറിൽ വളരുന്നതിനു പ്രേരകമായി.

എന്നാൽ കുടിയേറിയ കത്തോലിക്കർക്കു സാമൂഹ്യമായി പേരും പെരുമയും വരുത്തി ചേർത്തതും കത്തോലിക്കർക്കു കഴിവും കരുത്തുമുണ്ടെന്നു ബഹുജനങ്ങൾക്കു ബോദ്ധ്യമാക്കിക്കൊടുത്തതും അമലാപുരി സ്ഥാപനങ്ങളാണെന്നു പറയുന്നതിൽ പക്ഷാന്തരത്തിനവകാശമില്ല.

അങ്ങിനെ മലബാർ ഭാഗത്തിനു മേന്മയും നന്മയും ചേർത്ത സ്ഥാപനങ്ങളുടെ ഒരു സംക്ഷിപ്ത ചരിത്രം. അവയുടെ സംവിധാതാക്കളിൽ ഒരാളായ ഫാ: ഹോർമ്മീസ് ഞങ്ങളെ വിട്ടുപോകുന്ന ഈ അവസരത്തിൽ, ബഹുജന സമക്ഷം സമർപ്പിക്കുവാൻ ഞങ്ങൾക്കതിയായ താല്പര്യവും സന്തോഷവുമുണ്ടു്.

മനുഷ്യൻ കൃതജ്ഞതയുടെ പര്യായമാണ്. കാലക്രമത്തിൽ ഇന്നത്തെ തലമുറ അമലാപുരിസ്ഥാപനങ്ങൾക്കുവേണ്ടി കഷ്ടപ്പെട്ട പലരേയും മറന്നെന്നും അവഗണിച്ചെന്നും വരാം; എന്നാൽ, ചരിത്രം അക്കൂട്ടർക്കു മാപ്പു നൽകുകയില്ല.

ഈ സ്ഥാപനങ്ങളുടെ ആരംഭപ്രവർത്തകരും വിധാതക്കളും ഹ്രസ്വകാലയിടകൊണ്ടു മലബാറിലെങ്ങും പ്രത്യേകിച്ചു കോഴിക്കോട്ടു നഗരത്തിലും തങ്ങളുടെ വ്യക്തിമുദ്രപതിച്ചവരുമായ റവ. ഫാ: ഷാബോർ, ഫാ: ഫോർമ്മീസ്, ഫാ. റെയിനോൾഡ്സ് തുടങ്ങിയ മഹത്തുക്കളുടെ പിന്നാലെ, ആ സ്ഥാനങ്ങളിലേക്കു വരുന്നവരും, അവരേപ്പോലെ തന്നെ കഴിവും, മികവും, വിശാല വിക്ഷണവും, ദീർഘദൃഷ്ടിയും സർവ്വോപരി മനുഷ്യത്വവും ഉള്ളവരായിരിക്കട്ടെ! ഒരു ക്രൈസ്തവ പുരോഹിതനിൽനിന്നു് ലോകം പ്രതീക്ഷിക്കുന്നതു് എല്ലാററിലുമുപരി മനുഷ്യത്വമാണ്.

അമലാപുരി സ്ഥാപനങ്ങൾക്കു് ഞങ്ങൾ ഹൃദയംഗമമായ ഭാവുകങ്ങൾ നേരുന്നു. ഞങ്ങളുടെ നിറഞ്ഞ കൺകളും, വിങ്ങുന്ന ഹൃദയങ്ങളും, കൂപ്പിയ കരങ്ങളും, ഈ സ്ഥാപനങ്ങളോടുള്ള കറയററ സ്നേഹത്തിൻെറയും വിശ്വാസത്തിൻ്റെയും മുദ്രയായി അർപ്പിച്ചുകൊണ്ടു് ഈ ചെറിയ ചരിത്രം സംക്ഷേപം അമലാ-സാവിയോ സ്ഥാപനങ്ങളിലെ എല്ലാ അംഗങ്ങളുടെയും പേക്കു് സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു് **വിധേയർ,**

കുര്യൻ, സി അല്ലക്കുഴ (മേപ്പാടി)
ഏ. എം. ചന്ദ്രപാലൻ (കോഴിക്കോട്ട്)
കോഴിക്കോട്ട്, എം. സി. മാത്യു (പേരാവൂർ)
2?-12-61 ജോസ് മുല്ലൂർ, ബി. എ. (തൃശ്ശിനാപ്പിള്ളി)
ജോൺ വണ്ടാനത്തു്, (കൂടരഞ്ഞി)
ഏ. ജോസ്, എൽ. ഇ. ഇ. (ബോംബെ)





# ക്രിസ്തുവിൻെറ സുവിശേഷം

"നിങ്ങൾ ലോകത്തിൻെറ നാനാഭാഗങ്ങളിലും പോയി എൻെറ സുവിശേഷം പ്രസംഗിക്കുവിൻ" എന്ന നമ്മുടെ ദിവ്യരക്ഷകൻെറ ആഹ്വാനം ആഴികളെയും അദ്രികളെയും അതിലംഘിച്ച് നൂററാണ്ടുകളുടെ വഴിത്താരയിലൂടെ ആയിരമായിരമാത്മാക്കളിൽ ഇന്നും അലതല്ലുകയാണ്. ആ ദിവ്യ ദൌത്യവും വഹിച്ച് രാജാക്കളുടെ രാജാവായ ക്രിസ്തുവിൻെറ ധർമ്മഭടന്മാർ അന്ധകാരങ്ങളുടെ കനത്ത മതിലുകളും അനന്തമായ അത്യുത്തികളും അടരാടി ഭേദിക്കുന്ന–നൂററാണ്ടുകൾ നീളുന്ന–സമരത്തിൻെറ കഥയാണ് ലോകചരിത്രത്തിലെ ഏററവും മോഹനമായ അദ്ധ്യായങ്ങൾ. പാപികളെയും പാവങ്ങളെയും തേടിവന്ന പറുദീസാനാഥൻെറ പരിത്രാണനകർമ്മം കാലങ്ങളുടെ ചക്രങ്ങൾ ഉരുളുന്നതനുസ്സരിച്ച് ദേശങ്ങളുടെ സീമകളെ ലംഘിക്കുന്നു.

# കേരളത്തിലെ സുവിശേഷപ്രവർത്തനങ്ങളും കർമ്മലീത്തരും

നസ്രത്തിലെ തച്ചന്റെ മകൻ വിണ്ണിൽ നിന്നും കൊണ്ടുവന്നു മണ്ണിൽ വിതച്ച ക്രിസ്തീയ വിശ്വാസത്തിന്റെ വിത്ത് ആദ്യ നൂററാണ്ടിൽത്തന്നെ മലയാള മണ്ണിലും വീണു. എ. ഡി. 52-ൽ ക്രിസ്തുശിഷ്യനായ വി. തോമ്മാ ആ മഹത്കർമ്മം ഈ മണ്ണിൽ നിർവ്വഹിച്ചു. ആ വിത്തു മുളച്ചു; കൂമ്പു വിടർന്നു; ഇലയും ശാഖോപശാഖകളുമായി വളർന്ന് നാമിന്നു കാണുന്ന കേരള ക്രിസ്തീയ തരുവായിരൂപംകൊണ്ടു. നമ്മുടെ സഭാതരുവിന്റെ വളർച്ചയിൽ വളരെ അഭിമാനകരമായ ഒരു ഘട്ടത്തെയാണ് കേരള കർമ്മലീത്താസഭയുടെ ഉത്ഭവം കുറിക്കുന്നത്. വി. തോമ്മാശ്ലീഹാ നട്ട പുണ്യവൃക്ഷത്തിലെ ആദ്യ ഫലമെന്നു വേണമെങ്കിൽ അതിനെ നമുക്കു വിളിക്കാം. കേരളകത്തോലിക്കാസഭക്കെന്നു മാത്രമല്ല ഇന്ത്യയിലെ ക്രിസ്തുമതത്തിനു പൊതുവെ അഭിമാനാവഹമായിത്തീർന്നിട്ടുള്ള കേരളകർമ്മലീത്താസഭയുടെ പ്രവർത്തനങ്ങൾ വിവിധങ്ങളാണ്. വിദ്യാഭ്യാസ - സാംസ്ക്കാരിക - സാമൂഹിക - തൊഴിൽ തുടങ്ങി മിക്ക രംഗങ്ങളിലും ഇന്നീസഭ സജീവമായി പ്രവർത്തിക്കുന്നു. സഹ്യനിരകളെ ഭേദിച്ച് ഇന്ത്യയുടെ മററു ഭാഗങ്ങളിലും ഇന്നു കേരളകർമ്മലീത്താസഭ സേവനമനുഷ്ഠിച്ചുതുടങ്ങിയിട്ടുണ്ട്. ആദ്യകാലത്തു തിരുവി

താംകൂറിൽ തുടങ്ങി പിന്നീട്ട് കൊച്ചിയിലേയ്ക്കു വ്യാപിച്ചു വളൻവന്ന സഭ അടുത്ത കാലത്തു മാത്രമാണ് മലബാറിലേക്ക് അതിൻെറ പ്രവത്തനം വ്യാപിപ്പിച്ചത്. ഏററവും പ്രശസ്തമായ രീതിയിൽ നടത്തപ്പെടുന്ന ഒരു കോളജ്, ഹൈസ്കൂൾ, അച്ചടിശാല പ്രസിദ്ധീകരണം, സാങ്കേതിക സ്ഥാപനം എന്നിവയെല്ലാം കമ്മലീത്താ സഭവകയായി ഇന്നു മലബാറിലുണ്ട്. വിവിധ സ്ഥലങ്ങളിൽ ആശ്രമങ്ങളും ആതുരശാലകളും ദേവാലയങ്ങളുമെല്ലാം അടിക്കടി ഉയൻവരുന്നു. മിഷ്യൻ രൂപതയായ തലശ്ശേരിയുടെ വിവിധ ഭാഗങ്ങളിൽ മണ്ണിനോടും മാറാരോഗങ്ങളോടും പടപൊരുതുന്ന ക്രിസ്തീയ സഹോദരങ്ങൾക്കു ധീരോദാത്തമായ നേതൃത്വം നൽകുന്ന കമ്മലീത്താ വൈദികരും മലബാറിൽ നിരവധിയുണ്ട്.

## മലബാർ പ്രേഷിതത്വം

സുവിശേഷ പ്രവത്തനങ്ങളിൽ മലബാർ പണ്ടേ പിന്നണിയിലാണ്. വിദേശീയ മിഷനറിമാരാണ് ഇവിടെ വിശ്വാസം പ്രചരിപ്പിച്ചത്. ഈശോസഭക്കാർ അതിനെ ആവുന്നത്ര വളർത്തിയെടുത്ത് ഒരു രൂപതയാക്കി രൂപം കൊടുത്തു. അവരുടെ പ്രവത്തനങ്ങളെ സഹായിക്കുവാൻ കോഴിക്കോട്ട രൂപതയുടെ ഈശോസഭാംഗമായ ഡോ: ലിയോ പ്രൊസെപ്പിയോ മെത്രാന്റെ അഭിലാഷമനുസരിച്ചാണ് ആദ്യത്തെ കേരള കമ്മലീത്താ വൈദികൻ

മലബാറിൽ പ്രവേശിക്കുന്നതു്. വിദ്യാഭ്യാസരംഗത്തു് ധാരാളം പ്രവർത്തിച്ചു് പ്രശസ്തി നേടിയ ഫാദർ 'അത്തനേഷ്യസായിരുന്നു' ആ വന്ദ്യ വൈദികൻ. അദ്ദേഹം അനാഥശാലകളും മററ് ആതുരാലയങ്ങളും സ്ഥാപിച്ചതിനു പുറമേ ഇടവകകളിലും സേവനമനുഷ്ഠിക്കുകയുണ്ടായി. അദ്ദേഹത്തെ തുടന്നു് നീളുന്ന സേവനത്തിൻെറ ശൃംഖലയിൽപ്പെടുന്ന ത്യാഗത്തിൻെറ കണ്ണികളാകുന്ന വന്ദ്യ വൈദികർ നിരവധിയുണ്ടു്. മാനും മഹിഷവും വരാഹവും, വാനരനും നിറിഞ്ഞ മലബാറിൻെറ മലയോരങ്ങളിലേക്ക്_നമ്മിൽ പലരും എത്തിനോക്കുവാൻ ഭയപ്പെടുന്ന ഭയാനതകളുടെ ടശ്യംഗങ്ങളിലേക്കു് ഒന്നെത്തിനോക്കു! ദേവാലയങ്ങൾ, ഹൈസ്കൂളുകൾ, മിഡിൽ സ്കൂളുകൾ, ആസ്പത്രികൾ. അനാഥശാലകൾ, കന്യകാമഠങ്ങൾ, കമ്യൂണിററി സെൻററുകൾ എന്നു തുടങ്ങി എന്തെല്ലാം നേട്ടങ്ങളാണെന്നോ ഈ വന്ദ്യവൈദികർ ഓരോരിടവകക്കും കൈവരുത്തിയതു്? അവരുടെ ആത്മാവിൽ ജ്വലിക്കുന്ന ദൈവസ്നേഹത്തിൻെറ ചൈതന്യവും പരിശുദ്ധാരൂപിയുടെ പ്രസാദവരവും രക്തത്തിൽ കലർന്ന വിശ്വാസത്തിൻെറ ജീവനുള്ള തേജസ്സും മലനാട്ടിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ബഹുമാന്യ വൈദികരായ അത്തനേഷ്യസ്, കെറുബിൻ, ബർണാർഡിൻ, ഫെഡ്രിക്, ബർക്കുമാൻസ്, ഹഡ്രിയാൻ, ദോസിത്തേവൂസ്സ ടീഷ്യൻ, എവരിസ്തസ്, സർഗീസ്, ബർത്തലോമെയോ, സോസ്സിമൂസ്, ലയാൻഡർ, ക്ലോഡിയസ്,

അന്തോനീനൂസ്, സബീനൂസ്, ജോഷ്വാ, ഹേറാമീസ് തുടങ്ങിയ വന്ദ്യ വൈദികരുടെ നാമങ്ങൾ ഒരിക്കലും മലനാട്ടിൽനിന്നും മാഞ്ഞുപോകയില്ല.

## രൂപവും ഭാവവും

മലബാറൊട്ടാകെ കർമ്മലീത്താ വൈദികർ പ്രേഷിത പ്രവർത്തനത്തിൽ വ്യാപൃതരായിരിക്കവെ ഈ പ്രവർത്തനങ്ങൾക്കെല്ലാം ഒരു ഏകീകൃത രൂപവും ഉജ്വലത്തായ ഭാവവും കൊടുക്കണമെന്നു സഭാധികൃതന്മാർക്കു തോന്നി. സീറോ മലബാർ കാർമ്മലൈററ് കോൺഗ്രിഗേഷൻെറ സെൻറ് ജോസഫ്സ് പ്രോവിൻസ് (തെക്കൻ പ്രോവിൻസ്) ആണ് അതിനു മുന്നിട്ടിറങ്ങിയതു്. അന്നത്തെ പ്രൊവിൻഷ്യാളായിരുന്ന പെ. ബ. ദാനിയേലച്ചൻെറ നിർദ്ദേശവും പ്രോക്കുറേററർ ജനറലും സെൻറ് ജോസഫ്സ് പ്രോവിൻസിന്റെ ജീവനാഡിയുമായിരുന്ന ബ. ഷാബോറച്ചൻെറ നിർബന്ധവും പ്രേരണയും പ്രോത്സാഹനവും സ്വീകരിച്ച് ബ. ഹേറാമീസച്ചൻ ഈ കനത്ത ഉത്തരവാദിത്വമേറ്റെടുത്തു. (ഫാ. തേർമഠത്തെത്തുടന്നു് കോഴിക്കോട്ടുരൂപതവക സന്ദേശം വാരികയുടെ പത്രാധിപരായി അദ്ദേഹം സേവനമനുഷ്ഠിച്ചുവരികയായിരുന്നു.) ഒരു ഒന്നാം ഗ്രെയിഡ് കോളേജ്, ഹൈസ്കൂൾ, പ്രസ്സ്, പ്രസിദ്ധീകരണം, ദേവാലയം, സാങ്കേതികസ്ഥാപനം, എന്നുതുടങ്ങുന്ന വിപുലവും തീർത്തും ശ്രമകരവുമായ സംരംഭങ്ങൾ (അവയെ

ല്ലാം ഇല്ലായ്മയിൽനിന്ന് രൂപംകൊടുത്ത് ഉയർത്തി ക്കൊണ്ടുവരിക) അദ്ദേഹം ഏതാനും മാസങ്ങൾ കൊണ്ട് സാധിച്ച കഥ കോഴിക്കോട്ടും പരിസരങ്ങളിലു മുള്ള ജനങ്ങൾ ഇന്നും വിസ്മയത്തോടെ സ്മരിക്കുന്ന —പതറാത്ത ആത്മധൈര്യത്തിന്റെയും ചൈതന്യമുറ്റ കർമ്മകുശലതയുടെയും മകുടോദാഹരണമായി കണ ക്കാക്കുന്ന—ഒരിതിഹാസം തന്നെയാണ്.

## വിനീതമായ സംരംഭം

സാധാരണ കർമ്മെലീത്താ വൈദികരുടെ പീത വർണ്ണക്കുപ്പായത്തിനു പകരം വെള്ളക്കുപ്പായവും തോ ലിന്റെ ഇടക്കെട്ടും തലയിലൊരു ഹാററുമായി ഉയരം കുറഞ്ഞിട്ടെങ്കിലും ശാലീനഭാവം കലർന്ന ഒരു വൈദി കനെ ഒരു വെറും സാധാരണ സൈക്കിളിൽ കോഴി ക്കോട്ട നഗരത്തിന്റെ പല ഭാഗങ്ങളിലും 1954-ആ ദ്യത്തിൽ നിത്യേന കണ്ടിരുന്നു. അദ്ദേഹത്തോടൊപ്പം പ്രസരിപ്പുള്ള മൂന്നു ചെറുപ്പക്കാരെയും കാണാമായിരുന്നു. ഒഴിവായിക്കിടക്കുന്ന ചില ഭൂമികൾ, അല്പമുയർന്ന കുന്നു കൾ-ഇവിടങ്ങളൊക്കെ അവർ സന്ദർശിക്കുന്നു. പല രോടും അന്വേഷിക്കുന്നു; കോഴിക്കോട്ട് നല്ലൊരു പുരയിടം വേണം. എന്തിനാണെന്നോ ആർക്കാണെ ന്നോ അവർക്കു മാത്രമെ നിശ്ചയമുള്ളു. മലബാറി ന്റെ ഹൃദയനഗരമായ കോഴിക്കോട്ട മഹത്തായൊരു പരിവർത്തനത്തിന്റെ സകല രൂപരേഖകളും അടക്കി

നില്ക്കുകയാണു് ആ വന്ദ്യ വൈദികനെന്നു് അന്നാരും കരുതിയിരിക്കയില്ല. ഇനി ആരാണിവരെന്നല്ലേ? റവ. ഫാദർ ഹോർമ്മീസും അദ്ദേഹത്തിൻെറ എല്ലാ പ്രവത്തനങ്ങൾക്കും ആദ്യന്തം നിസ്വാത്ഥ സഹായികളായിരുന്ന ശ്രീമാന്മാർ കെ. സ്റ്റനിസ്ലാവൂസ്, എം. സി. അബ്രാഹം, ജോൺ കൊറിയാ, എന്നിവരും.

## അന്വേഷിച്ചു; കണ്ടെത്തി

1954 ജൂൺ മാസത്തിലെ ഒരു പേമാരിദിനം, ഫാ. ഹോമ്മീസ് സഹപ്രവത്തകരുമൊന്നിച്ചു്, ചക്കോരത്തുകുളം ബിലാത്തിക്കുളം, വരക്കൽ തുടങ്ങിയ ഭാഗങ്ങളിൽ സ്ഥലമന്വേഷിച്ചു് സൈക്കളിൽ മടങ്ങുകയായിരുന്നു. മഴകൊണ്ടു പൊറുതിമുട്ടി നാലാം ഗേററിന്നടുത്തുള്ള അന്നത്തെ പയററുവളപ്പു പുരയിടത്തിൽ റോഡരുകിലുള്ള ഒരു കടയിൽ മഴ നനയാതെ കയറിനിന്നു. തത്സമയം സമീപത്തു താമസിച്ചിരുന്ന മി. എം. എൻ. നായരെന്ന മാന്യൻ, ഫാദറെ വിളിച്ചു സല്ക്കരിച്ച വേളയിൽ സന്ദർഭവശാൽ അദ്ദേഹത്തോടു് ഈ സ്ഥലാന്വേഷണകാര്യവും പറയുകയുണ്ടായി. ഫാദറിൽ സംപ്രീതനായ ശ്രീ. എം. എൻ. നായർ 'പയററുവളപ്പുതന്നെ, വേണ്ടിവന്നാൽ ഒരു നല്ല കാര്യത്തിന്നായി തരാൻ ഞാനൊരുക്കമാണ്' എന്നു് പറയുകയുണ്ടായി. അതിനെത്തുടന്നു് ശ്രീ. കെ. സി. മൈനാൻ, അന്നു മലബാർ ഡി. പ്രൊഹിബിഷൻ ഓഫീസറായിരുന്ന ശ്രീ. സി. ജെ. ഫ്രാൻസീസ് എന്നിവരോടു്

ഈ പയററുവളപ്പിനെ സംബന്ധിച്ചു കൂടുതൽ അന്വേഷണം നടത്തി നടപടികൾ ത്വരിതപ്പെടുത്താൻ ഫാ. ഫേർമ്മീസ് അഭ്യർത്ഥിച്ചു. വില നിശ്ചയിച്ചശേഷം റിക്കാർഡുകൾ നോക്കി, ആധാരം തയ്യാറാക്കുന്നതിനു് ശ്രീ. സി. എം. ജയിംസ് ചാക്കോയെ ഏല്പിക്കയും ചെയ്തു. അങ്ങനെ 1954-ഏപ്രിൽ 14-ാംനു പയററു വളപ്പിനോടു ചേർന്നതും ശ്രീ. എം. എൻ. നായർ താമസിച്ചിരുന്നതുമായ കെട്ടിടങ്ങളോടുകൂടിയ നെല്ലൂളിപ്പറമ്പു് വിലയ്ക്കെടുക്കുന്നതിനു് നിശ്ചയിച്ചു. എന്നാൽ സ്ഥല സൌകര്യം മതിയാകയില്ലെന്നു ബോദ്ധ്യമായതിനാൽ അതിനോടു ചേർന്നുകിടന്നതും, പയററു വളപ്പിൽ ശ്രീ. ഗോവിന്ദൻ എന്നവരുടെ സ്വന്തവും അദ്ദേഹത്തിൻെറ മരണശേഷം മക്കളായ പയററു വളപ്പിൽ ശ്രീ. ശിവരാമൻ, ശ്രീ. സദാനന്ദൻ എന്നിവരുടെ അവകാശത്തിൽ പെട്ടതും ആയിരുന്ന സ്ഥലംകൂടി കിട്ടിയാൽ കൊള്ളാമെന്നാഗ്രഹിച്ചു. ശ്രീ. പാറോൽ നാരായണദാസ് എന്ന മാന്യൻ ഈ സ്ഥലത്തേപ്പററി കൂടുതൽ വിവരം തന്നതിനാൽ, അതു വാങ്ങിത്തരുന്നതിനു് ഫാ. ഫേർമ്മീസ് മി. ദാസിനെത്തന്നെ ചുമതലപ്പെടുത്തി. ഈ രണ്ടു സ്ഥലവും 1954 ജൂലായി 14-ാംനു ആധാരം ചെയ്തു. ഇതിൻെറ ജന്മാവകാശം മി. ജെ. എസ്. റോഡ്രിഗ്സിൽനിന്നു് 1955 ജനുവരി 3-ാംനു 11-ാം നമ്പ്രായി കോഴി. സ. ര. ജോ. 3-ൽ രജിസ്റ്റ്ർചെയ്തു വാങ്ങിച്ചു. അങ്ങിനെ ആ അന്വേഷണത്തിൻെറ അവസാനം അവർ ആഗ്രഹിച്ചതു തക്ക സ്ഥാനത്തു തന്നെ കണ്ടെത്തി.

# അമലാപുരിയുടെ ഉദ്ഘാടനം

മേല്പറഞ്ഞ രണ്ടു സ്ഥലവും വാങ്ങിച്ച ശേഷം ശ്രീ. എം. എൻ. നായർ താമസിച്ചിരുന്ന വീട്ട് 'കർമ്മലഭവന'മാക്കിമാററി. നെല്ലൂളിപ്പറമ്പിനും, പയററു വളപ്പിനും കൂടി "അമലാപുരി" എന്നു് നാമകരണവും ചെയ്തു. 'അമല'യെന്നാൽ പരിശുദ്ധ എന്നാണർത്ഥം. ശുദ്ധമാക്കപ്പെട്ടവരുടെ കേന്ദ്രം. (മറിയത്തിനു് പ്രതിഷ്ഠിക്കപ്പെട്ടതു്) ഈ അമലാപുരിഭവനത്തിൻെറ ഔദ്യോഗിക ഉദ്ഘാടനം 1954 ജൂലായി 12-ാംനു അന്നത്തെ മുൻസിപ്പൽ ചെയർമാനായിരുന്ന ശ്രീ. പി. ഗോവിന്ദമേനോൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ചു, കോഴിക്കോട്ട രൂപതാദ്ധ്യക്ഷനായ റൈററു് റവ. ഡോ. ഏ. എം. പത്രോണി, എസ്. ജെ. തിരുമനസ്സുകൊണ്ടു നിർവഹിച്ചു. തദവസരത്തിൽ ആംഗ്ലിക്കൻ ബിഷപ്പ് ഡോ. ലിപ്പ്, തലശ്ശേരി രൂപതാ അഡ്മിനിസ്ട്രേററർ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, വെരി റവ. ഫ. റോമിയോ തോമ്മസ്, വെരി റവ. ഫാ. വില്യംസ്. ശ്രീ. വി. ജെ. നെട്ടങ്ങാടി, മി. സി. ജെ. ഫ്രാൻസിസ്, ശ്രീ. കെ. സി. നൈനാൻ, ശ്രീ. സി. എം. ജയിംസ് ചാക്കോ, ശ്രീ. സി. സി. ലാസർ, ശ്രീ. സി. വി. ലാസർ, പ്രൊവിൻഷ്യൻ ഫാ. ദാനിയേൽ, പ്രൊ. പ്രൊക്യൂറേററർ-ജനറൽ ഫാ. ഷാബോർ തുടങ്ങി ഉദ്യോഗസ്ഥാനുദ്യോഗസ്ഥരായ പലരും സംബന്ധിച്ചിരുന്നു.

# പൂവണിഞ്ഞ ആശാവല്ലരി

പ്രസ്തുത ഉൽഘാടനവേളയിൽ പാനോപചാര പ്രസംഗം നടത്തിയ ശ്രീ. സി. ജെ. ഫ്രാൻസിസ്, 'കേരള സുറിയാനി കർമ്മലീത്താ സഭക്കാരിൽനിന്നു് മലബാർ പ്രദേശം പൊതുവേയും കോഴിക്കോട്ട പ്രത്യേകിച്ചും വല മഹത്തായസംഭാവനകളും പ്രതീക്ഷിക്കുന്നതായി പ്രസ്താവിച്ചു. "അടുത്ത ഭാവിയിൽത്തന്നെ ഇവിടെ ഒരു ഒന്നാം ഗ്രേഡ് ആർട്ടസ് കോളേജും, മലബാറിലെ കുടിയേറ്റക്കാരുടെ ആവശ്യാർത്ഥം ഒരു പ്രസിദ്ധീകരണവും ഉടലെടുക്കുമെന്നു് ഞാനാശിക്കുന്നു; അതിനു ഫാ. ഹേർമിസിൻെറ മഹത്തായ കഴിവുകൾ പരമാവധി വിനിയോഗിക്കണമെന്നു ഞാനഭ്യർത്ഥിക്കുന്നു." എന്നു മി. ഫ്രാൻസിസ് പറഞ്ഞപ്പോൾ അതൊരു പ്രവചനമായിരുന്നുവെന്നു്, അന്നു്, ആരും മനസ്സിലാക്കിയിരുന്നില്ല. മലബാറിൻെറ് മലയോരങ്ങളെ സംബന്ധിച്ചും കുടിയേററക്കാരുടെ കഷ്ടപ്പാടുകളെപ്പററിയും വളരെ നന്നായറിയാവുന്ന മി. ഫ്രാൻസിസിൻെറ അഭിപ്രായം മുഖവിലക്കെടുക്കാൻ കർമ്മലീത്താ വൈദികർ നിർബന്ധിതരായി.

# സാവിയോനിലയം

മി. ഫ്രാൻസിസിൻെറ പ്രതീക്ഷകളെ പൂവണിയിക്കാൻ കാലം വളരെ കാത്തുനിന്നില്ല. സാമ്പത്തിക പരാധീനത നിമിത്തം വിദ്യാഭ്യാസം തൊഴിൽ പരിശീലനം

തുടങ്ങി പല കാര്യങ്ങളിലും ക്ലേശമനുഭവിച്ചിരുന്ന യുവജനങ്ങൾക്കു് താങ്ങും തണലും ഏകി, അവരെ ഉത്തമ പൗരന്മാരും തൻകാര്യം നോക്കാൻ പോരുന്നവരുമാക്കി ത്തീർക്കേണ്ടതിലേക്കു്, ആദ്യമായി ആരംഭിച്ച ഒരു സ്ഥാപനമാണു് സാവിയോനിലയം (Savio Home). പയററുവളപ്പിൽ ഉണ്ടായിരുന്ന അനവധി വീട്ടുകാരെ, കനത്തപ്രതിഫലം കൊടുത്തും ജീവിക്കാനാവശ്യമായ സാഹചര്യം പുറമേ സൃഷ്ടിച്ചുകൊടുത്തും ഒഴിവാക്കിക്കൊണ്ടു്, 1954 ൽ തന്നെ അതിലൊരു വീടു് സാവിയോനിലയമാക്കിയുയർത്തി; 12 വിദ്യാർത്ഥികളെ ആദ്യമായി അതിൽ പ്രവേശിപ്പിച്ചു.

സാവിയോ നിലയത്തിൻെറ ആഭിമുഖ്യത്തിലും സാവിയോ നിലയവാസികൾക്കു വേണ്ടിയുമാണു അമലാ പ്രസ്സു നടത്തപ്പെടുന്നതു്. സാമാന്യവും ഉന്നതവുമായ വിദ്യാഭ്യാസവും, പ്രസ്സു സംബന്ധവും ബ്ലോക്കു നിർമ്മാണപരവുമായ പരിശീലനവും കൂടാതെ, പുറമെ, നഗരത്തിലുള്ള ഇതര സാങ്കേതിക സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനും സാവിയോ നിലയാംഗങ്ങൾക്കു സൗകര്യം നൽകിവരുന്നു. നാളിതുവരെ സാവിയോ നിലയാംഗങ്ങളെന്ന നിലയിൽ പഠനവും പരിശീലനവും നടത്തി പരീക്ഷാർഹയോഗ്യത സമ്പാദിച്ചു പിരിഞ്ഞുപോയിട്ടുള്ളവർ നിരവധിയാ

ണ്. (സ്കൂൾഫൈനൽ പാസ്സായി പോയവർ 8, സ്കൂൾ ഫൈനൽവരെ പഠിച്ചിട്ട ഇതര സാങ്കേതിത പഠനങ്ങൾക്ക പോയവർ 6, ബി. എ. ഡിഗ്രി പസ്സായിപോയവർ 2, പോളി ടെക്നിക്, ഐ. ടി. സി. എന്നീ സ്ഥാപനങ്ങളിൽ നിന്നു ഡിപ്ലോമ പസ്സായി പിരിഞ്ഞവർ 4, സന്യാസസഭകളിൽ പ്രവേശിച്ചവർ 3, മിഷ്യൻ സേവനാർത്ഥം പഠിക്കുന്നവർ 2.)

## സ്ഥലാന്വേഷണം

സാവിയോനിലയ സ്ഥാപനത്തെ തുടർന്ന ഒരു ഒന്നാംഗ്രേഡ് കോളേജു സ്ഥാപിക്കുന്നതിനു വേണ്ടുന്ന നടപടികൾ കൈക്കൊള്ളാൻ മേലധികാരികൾ ഫാ. ഹോർമ്മിസിനു നിർദ്ദേശം നൽകി. ഫാ. ഹൊരമ്മീസും സഹപ്രവർത്തകരും അന്നുമുതൽ സ്ഥലാന്വേഷണമാരംഭിച്ചു. ഇലത്തൂർ - തിരുവണ്ണൂർ, മാവൂർ - കുന്ദമംഗലം എന്നീ ദേശാതൃത്തികൾക്കുള്ളിൽ, കോഴിക്കോട്ട നഗരത്തിൽ, കോളേജു സ്ഥാപനത്തിനു പററിയ സ്ഥാനം കണ്ടുപിടിക്കുവാൻ ഇവർ പല കുന്നുകളും പുരയിടങ്ങളും കയറിയിറങ്ങിക്കൊണ്ടിരുന്നു. ആയിടക്ക്, മദിരാശിക്കു പോകേണ്ടിവന്ന ശ്രീ. സി. ജെ. ഫ്രാൻസീസ് ചേവായൂർ ഫക്കയിൽപ്പെട്ട കോവൂർ അംശത്തിലെ ഒരു കാട്ടുകുന്നിനേപ്പററി ഫാദർ ഹോർമ്മീസിനു അറിവു നൽകിയിരുന്നു. മനുഷ്യവാസയോഗ്യമല്ലാതിരുന്ന പ്രസ്തുത സ്ഥലത്തെപ്പററി വിവരം അന്വേഷിച്ചു വരുവാൻ

നിയുക്തനായിരുന്ന മി. ആൻറണി മരിയാൻ അതിന്റെ ഉടമസ്ഥനായിരുന്ന മി. പി. ഇസഡ്. പോളുമായി ഒരു ദിവസം അമലാപുരിയിലെത്തി.

## "കണിയാങ്കുന്നു്"

"കണിയാങ്കുന്നു്" എന്നറിയപ്പെട്ടിരുന്നതും 101 ഏക്രയോളം വിസ്തീർണ്ണമുള്ളതും പല കുന്നുകൾ കൂടിയുള്ളതുമായ ആ പ്രദേശം ആരുമാരും എത്തിനോക്കാതെ, വന്യമൃഗങ്ങളുടെയും വിഷജന്തുക്കളുടെയും വിഹാരരംഗമായിക്കിടക്കുകയായിരുന്നു. ഗുരുവായൂരപ്പൻ കോളേജുകാരും പ്രോവിഡൻസ് കോളേജുകാരും ആദ്യമാദ്യം ഈ സ്ഥലത്തേപ്പററി അന്വേഷിക്കയും, സന്ദർശനാവസരത്തിൽ തന്നെ കരടിയും കടുവായും കുടികൊള്ളുന്ന കൊട്ടം കാടാണെന്നു പറഞ്ഞു പിന്മാറുകയുമാണുണ്ടായതെന്നുള്ള വസ്തുത പ്രകൃതത്തിൽ സ്മരണീയമാണു്.

എന്നാൽ അക്കൂട്ടരുടെ 'നിരാശ'യിൽനിന്നു ഫാദർ ഫോർമീസിന്നു 'പ്രത്യാശ'യാണു് ഉണ്ടായതു്. 1955 മേയ് മാസത്തിൽ കണിയാങ്കുന്നു് വിലക്കെടുക്കാൻ അദ്ദേഹം തീരുമാനിച്ചു. അതിന്റെ ആധാരം നോക്കാനും റജിസ്റ്റർ ചെയ്യാനും മററുമായി അഡ്വക്കററുമാരായ ശ്രീ. ചെറിയാൻ കാപ്പൻ (പാല), ശ്രീ. അഗസ്റ്റിൻ എം. വാണിയപ്പുര (രാമപുരം) എന്നിവരെ അധികാരപ്പെടുത്തി. (അന്നു അവർ കോഴിക്കോട്ടു ബാറിൽ പ്രാക്ടീസു

ചെയ്യുകയായിരുന്നു.) കുലങ്കഷമായ പരിശോധനകൾക്കുശേഷം കണിയാങ്കുന്ന് 1955-മേയിൽ ആധാരം ചെയ്തുവാങ്ങിച്ചു.

കാട്ടുനിറഞ്ഞ്, വന്യമൃഗങ്ങളുടെയും വിഷജന്തുക്കളുടെയും വിഹാരകേന്ദ്രമായിരുന്ന കാണിയാങ്കുന്ന്, കോഴിക്കോട്ടു നഗരത്തിൽനിന്നു കിഴക്കോട്ട്, തെങ്ങിലക്കടവു റോഡിൽകൂടി 4 മൈലും 4 ഫർലോങ്ങും പോയാൽ വലത്തുഭാഗത്തായി കോവൂർ അംശത്തിൽപ്പെട്ടു കിടക്കുന്ന പ്രദേശമാണ്. ഈ കുന്നു, കോവൂരംശത്തിലെ "പലകുന്നത്തു നങ്ങോലത്ത്" എന്നൊരു നായർ തറവാട്ടിലേയ്ക്കു അവകാശപ്പെട്ടതായിരുന്നു. ഈ കുന്നിൽ കണ്വമഹർഷി വസിച്ചിരുന്നതായി ഐതിഹ്യമുണ്ട്. അതിനുപോൽബലകമായി, ഇതിൻെറ തെക്കുകിഴക്കെ താഴ്‌വരയിൽ വയലിനോടു ചേർന്ന് കണ്വമഹർഷിയാൽ സ്ഥാപിക്കപ്പെട്ടതെന്നു വിശ്വസിച്ചുപോരുന്നതും ഇടിഞ്ഞു പൊളിഞ്ഞുജീർണ്ണിച്ചതുമായ ഒരു ക്ഷേത്രത്തിൻെറ അവശിഷ്ടങ്ങൾ കാണാനുണ്ട്. (കണിയാത്തു ശിവക്ഷേത്രം) പൊട്ടക്കിണറുകളും, ദുഷ്ടജന്തുക്കളും ധാരാളമുള്ള ഈ കാട്ടിൽ കൂടി നടന്നു കുന്നിന്റെ അതൃത്തി കണ്ടു നിശ്ചയിക്കാൻ ശ്രമിച്ച ശ്രീ. എം. സി. അബ്രാഹവും ആമാട്ടു രാമൻ നായരും ചെറിയാൻ കാപ്പനുമാണ് ആ ക്ഷേത്രാവശിഷ്ടം ആദ്യമായി കണ്ടുപിടിച്ചത്.

വിശ്വസാഹിത്യത്തിന്നു വിലതീരാത്ത സംഭാവന നൽകിയ മാനും മാമുനിയും മനോഹരികളുമടങ്ങുന്ന ക

ണ്വന്റെ ആസ്ഥാനത്തു ഇന്നു് മനംകുളിർപ്പിക്കുന്ന മണിമന്ദിരങ്ങൾ വിജ്ഞാനത്തിന്റെ പൂവിതളുകൾ വിതറിക്കൊണ്ടു നിലക്കൊള്ളുകയാണു്. എന്തൊരത്ഭുതം! കണ്വന്റെ മണ്ണു് ധന്യമായി!

## പ്രാരംഭ പണികൾ

ഫാ. ഹോർമ്മീസിന്റെ വശ്യശക്തിയും കഴിവും കാരണമെന്നു പറയട്ടെ, അന്നത്തെ മദിരാശി യൂണിവേഴ്സിററി ഭാരവാഹികൾ 1956-ൽ തന്നെ ഒരു ഒന്നാം ഗ്രേഡു കോളേജു ആരംഭിക്കുന്നതിനു അനുവദിക്കാമെന്നും, പണികൾ ഉടനെ ഊർജ്ജിതമായി തുടങ്ങിക്കൊൾക എന്നും അദ്ദേഹത്തിനു വാക്കുകൊടുത്തു. ഫാ. ഹോർമ്മീസു കെട്ടിടങ്ങളുടെ പ്ലാൻ തയ്യാറാക്കുവാനായിട്ടു് സുപ്രസിദ്ധ ശില്പിയായ ശ്രീ. എസ്സു്. ആർ. ഫെർണാഡോവുമായിട്ടാണു് കോഴിക്കോട്ടേക്കുതിരിച്ചു വന്നതു്. Lay out (സ്ഥാനസംവിധാനം) ഫാ. ഹോർമ്മീസുതന്നെ തയ്യാർചെയ്തു. ശ്രീ ഫെർണാഡോ മൂന്നാഴ്ചകൊണ്ടു കോളേജു കെട്ടിടത്തിന്റെ പ്ലാനും തയ്യാറാക്കി. ഉടൻതന്നെ ഫാ. ഹോർമ്മീസു് പ്രസ്തുത പ്ലാനുമായി മദ്രാസിലെത്തി യൂണിവേഴ്സിററിയധികൃതരിൽ നിന്നു് അനൗപചാരികമായ അംഗീകാരവും സമ്പാദിച്ചുകൊണ്ടു തിരിച്ചെത്തി കെട്ടിട നിർമ്മാണനടപടികളും ആരംഭിച്ചു.

കാടുതെളിക്കുക, സർപ്പങ്ങളുടെ ആവാസകേന്ദ്രങ്ങളായിരുന്ന പുററുകൾ തകർക്കുക, പൊട്ടക്കിണറുകൾ മൂടുക,

അത്യുത്തി അളന്നു ഭദ്രമാക്കുക, വന്യജന്തുക്കളെ വെടി വെച്ചു നശിപ്പിക്കുക തുടങ്ങിയവയോടൊപ്പം കോളേജു കെട്ടിടത്തിനും ഹോസ്റ്റലിനും, കാന്റീനാമായുള്ള കുററിയടിക്കലും വാനംമാന്തലും നടന്നുകൊണ്ടിരുന്നു. ശ്രീ എം. സി. അബ്രാഹം, കെ സ്റ്റാനിസ്ലാവൂസ്, കോവൂർ അംശം മേനോനായ ശ്രീ ആമാട്ടു രാമൻനായർ എന്നിവരുടെ മേൽനോട്ടത്തിലും ശ്രമത്തിലുമാണ് ഈ പണികൾ നടന്നിരുന്നത്.

## കണിയാങ്കുന്നു 'ദേവഗിരി' ആകുന്നു

1956 ജനുവരി 3-ാം തിയതി ഫാ. ഫോമ്മീസു കണിയാങ്കുന്നിനു 'ദേവഗിരി' എന്നു നാമകരണം ചെയ്തു. കേരളസുറിയാനി കമ്മലീത്താസഭയുടെ സ്ഥാപകനായ പുണ്യശ്ലോകൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരമദിനമായ അന്നുതന്നെ ആഭാടരഹിതമായി സെൻറു് ജോസഫ്സ് കോളേജിൻെറ ശിലാസ്ഥാപന കർമ്മം, ഫാ. റെയിനോൾഡ്സ് ശ്രീ. സി. സി. ലാസർ, ഡി. ഡിക്രൂസ്, ആന്റണി മരിയാൻ, ആമാട്ടു രാമൻ നായർ, എം. സി. അബ്രാഹം, കെ. സ്റ്റാനിസ്ലാവൂസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ റവ. ഫാ. ഫോർമീസു് നിർവ്വഹിച്ചു. ആറു മാസം ഇരവുപകൽ ഊണുമുറക്കവുമില്ലാതെ പണിയെടുത്തതിന്റെ ഫലമായി രണ്ടു നിലയിലുള്ള കോളേജു കെട്ടിടവും അതിനോടനുബന്ധിച്ച ഹോസ്ററലുകളും കൻറീനും പണിതീക്കുവാൻ ഫാ. ഫോമ്മീസിനു കഴിഞ്ഞു.

അന്നത്തെ മദിരാശി യൂണിവേഴ്സിററി വൈസ് ചാൻസലർ. ഡോ. എ. ലക്ഷ്മണ സ്വാമി മുതലിയാർ, രജിസ്ട്രാർ ശ്രീ. രവിവമ്മ, ലെയോളാ കോളേജു പ്രൊഫസ്സറും സിൻഡിക്കററു മെമ്പറുമായ ഫാ. എൽ. ഡി. മർഫി എസ്സ്. ജെ. തുടങ്ങിയ വിദ്യാഭാസപ്രവത്തകരുടെയും, മദ്രാസ് ഗവ. സ്ക്രട്ടറി ശ്രീ. ആർ. പ്രസാദ്, ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ് ഡിപ്പാർട്ടമെൻറ് ഡപ്യൂട്ടി ഡയറക്ടർ ശ്രീ അരുൾദാസു തുടങ്ങി മദിരാശിയിലെ പല ഉദ്യോഗസ്ഥന്മാരുടെയും നിർല്ലോഭമായ സഹായ സഹകരണങ്ങൾ ഫാ. ഹോമ്മീസിനു ലഭിച്ചിരുന്നു.

കോഴിക്കോട്ടെ ഗവമ്മേണ്ടുദ്യോഗസ്ഥന്മാരിൽ അന്നത്തെ കലക്ടറായിരുന്ന ശ്രീ. ആർ. സി. ജോസഫ്, പിന്നീടുവന്ന പി. കെ. നമ്പ്യാർ, സബ്ബ് കലക്ടർ ശ്രീ. പി. ജെ. ഫ്രാൻസീസു താസിൽദാരായിരുന്ന ശ്രീ. പി. കെ. ഗോവിന്ദൻ. റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. കെ. നാരായണനെഴുത്തച്ഛൻ, അംശം മേനോൻ ശ്രീ. ആമാട്ട രാമൻ നായർ, റവന്യൂ ഡിവിഷനൽ ഓഫീസറായിരുന്ന ശ്രീ. കെ. കുട്ടിശങ്കരൻ നായർ, സബ്ബ് മജി. സി. സി. ലാസർ, എന്നിവരുടെ അകമഴിഞ്ഞുള്ള സഹായ സഹകരണങ്ങളും ഒത്താശയും ഈ സ്ഥാപനങ്ങളുടെ ആരംഭം മുതൽ ഉണ്ടായിട്ടുണ്ട്.

കെട്ടിടങ്ങളുടെ പണി കേവലം 6 മാസം കൊണ്ടു പൂത്തിയാക്കത്തക്കവണ്ണം സാമ്പത്തികമായ കഴിവുകൾ

വദ്ധിപ്പിച്ചുകൊണ്ടു ഫാ. ഫോമ്മീസിനെ സദാ പ്രോത്സാഹിപ്പിച്ചിരുന്നതു സെന്റ് ജോസഫ് പ്രൊവിൻസിന്റെ ജീവനാഡിയും പ്രോക്കുറേററർ ജനറാളുമായിരുന്ന വെരി. റവ. ഫാ. ഷാബൊറാണ്. അനാരോഗ്യം വകവയ്ക്കാതെ ഈ സ്ഥാപനങ്ങൾക്കുവേണ്ടി അഹോരാത്രം പ്രയത്നിച്ചു പണമുണ്ടാക്കിയ അദ്ദേഹം ആ ചന്ദ്രതാരം സ്മരിക്കപ്പെട്ടും. പ്രാരംഭകാലത്തു ഫാ. ഫോമ്മീസിൻെറ സഹായത്തിനായി നിയോഗിക്കപ്പെട്ട ഫാ. റെയിനോൾഡ്സ്, നിശബ്ദനായിരുന്നുവെങ്കിലും, വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ട്. ഷെയിക്സ്പിയർ, ഷെല്ലി, വേഡ്സ്വത്ത് തുടങ്ങിയ ലോക സാഹിത്യനായകന്മാരുമായി സത്യത്തെയും സൗന്ദര്യത്തെയും കുറിച്ച് ചർച്ച നടത്തുകമാത്രമല്ല, പ്രത്യുത സൌന്ദര്യത്തിൻെറയും സത്യത്തിൻേറയും ഒരു ലോകം തനിക്കുചുററും സൃഷ്ടിയ്ക്കുകകൂടി ചെയ്യാൻ ആ ഡിസിപ്ലിനേറിയനു കഴിഞ്ഞു.

പ്രവത്തനങ്ങളുടെ നാനാത്വവും വൈപുല്യവും നിമിത്തം എഴുത്തുകുത്തുകൾ നടത്തുവാനും മററുമായി മാനേജരുടെ സെക്രട്ടറിയായി വത്തിച്ചിരുന്ന ശ്രീ. I. Z ചെറിയാൻെറ നാനാതര പ്രവത്തനങ്ങളും പ്രകൃതത്തിൽ സ്മരണീയമാണ് . . .

1956-ജൂൺ 2-ാംനു തലശ്ശേരിബിഷപ്പു റൈററ്. റവ. മോൺ. സബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു പുതിയ കോളേജു കെട്ടിടത്തിൻെറ പവിത്രീക

രണകർമ്മം, കോഴിക്കോട്ട ബിഷപ്പ് റൈറ്റ്. റവ. മോ. ഏ. എം. പത്രോണി തിരുമേനിയുടേയും ഒട്ടനവധി വൈദികരുടെയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടേയും സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. 1956-സെപ്തമ്പർ 26-ാം നു- മദിരാശി ഗവണ്ണരായിയിരുന്ന ശ്രീ. ശ്രീപ്രകാശ കോളേജിൻെറ ഔദ്യോഗിക ഉദ്ഘാടന കർമ്മവും നടത്തി.

## സാവ്യിയോ ഹൈസ്കൂൾ

കോളേജിൻെറ പണി ദ്രുതഗതിയിൽ പുരോഗമിക്കുമ്പോൾ തദ്ദേശവാസികളുടെ അപേക്ഷാനുസരണം സാവിയോ ഹൈസ്കൂളിൻെറയും പണി ആരംഭിച്ചു. താസിൽദാർ ശ്രീ. പി. കെ. ഗോവിന്ദന്റെയും ആർ. ഐ. മാരായ ശ്രീ. നാരയണൻ എഴുത്തച്ഛന്റെയും ശ്രീ. കുയ്യന്റെയും സഹായത്തോടെ സ്കൂൾ കെട്ടിടം എൽ. ഡി. സ്കീമിൽ പെട്ടുത്തി പണമെട്ടത്തു കൊണ്ടാണു് ഫാദർ ഹോമ്മീസ് ഹൈസ്കൂളിനു തറക്കല്ലു പാകിയതു്. 1956 മാച്ച് 19-ാം തീയതി റവ. ഫാ. റെയിനോൾഡ്സാണു് ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചതു്. ഈ സന്ധിയിൽ നിരന്തരമായ പ്രയത്നവും ഊണും ഉറക്കവും ഇല്ലാതുള്ള ശ്രദ്ധയും അദ്ധ്വാനവും നിമിത്തം ഫാ. ഹോമ്മീസ് അതീവ ക്ഷീണിതനായി മാരിക്കുന്നു ആസ്പത്രിയിൽ അഭയം പ്രാപിച്ചു. എങ്കിലും, ഫാ. ഷാബ്ബോർ, ഫാദർ റെയിനോൾഡ്സ്,

എന്നിവരുടെ സഹായസഹകരണങ്ങളും ഡാക്ടർ എഫ്. ഫസ്സാനയുടെ സമർത്ഥമായ ചികിത്സയും മൂലം അദ്ദേഹത്തിന്നു കാലാതിപതം ആരോഗ്യം വീണ്ടെടുക്കാൻ സാധിച്ചു.

മദ്രാസു വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. സുന്ദരവടിവേലുവിനോടു I-മുതൽ III-ഉൾപ്പടെയുള്ള ഫാറങ്ങൾ ഒരുമിച്ചു ആരംഭിക്കുവാനുള്ള അനുമതി വാക്കാൽ വാങ്ങിക്കൊണ്ടാണ് കെട്ടിടപ്പണികൾ ആരംഭമിട്ടതു്. ഹൈസ്കൂൾ ക്ലാസ്സുകൾ ആരംഭിക്കേണ്ട ഘട്ടമായപ്പോൾ മലബാർ ജില്ല കേരളാസ്റ്റേററിലായി. തുടന്നു കേരളം കമ്യൂണിസ്റ്റ് പിടിയിലുമമന്നു. സാവിയോ സ്കൂളിന്റെ അംഗീകാരം പിൻവലിപ്പിക്കുന്നതിന്നു തദ്ദേശീയരിൽ ചിലർ നടത്തിയ പരിശ്രമം കമ്യൂണിസ്റ്റ് മന്ത്രിസഭയിലൂടെ പ്രകടമായപ്പോൾ അതിനെ തന്റേടപൂർവ്വം നേരിട്ടു ഒരാഴ്ചക്കാലയിടകൊണ്ടു അംഗീകാരം തിരിച്ചു വാങ്ങിച്ച മാനേജരുടെ കഴിവ് പ്രശംസനീയമാണ്.

## സെൻറ് തോമസ് ദേവാലയം

കോഴിക്കോട്ട് നഗരത്തിൽ എല്ലാ ക്രൈസ്തവവിഭാഗങ്ങൾക്കും അവരവരുടെതായ ദേവാലയങ്ങളുണ്ടു്; എന്നാൽ സുറിയാനി കത്തോലിക്കർക്കു മാത്രമില്ല; ഈ പോരായ്മ പരിഹരിക്കപ്പെടേണ്ടതാണ് എന്നുള്ള ബോദ്ധ്യത്തോടെ അമലാപുരിയിൽ കാർമ്മൽ ഭവനത്തോടു അനുബന്ധിച്ചു ചെറുതെങ്കിലും മനോഹരമായ

ഒരു ദേവാലയം 1955-ൽ തന്നെ പണി കഴിപ്പിച്ചു. ഈ ദേവാലയത്തിൻെറ പ്ലാൻ തയ്യാറാക്കിയതു ശ്രീ. കെ. സി. ചാക്കോ അവർകളും, ദേവാലയ നിർമ്മാണം നടത്തിയതു കൺട്രാക്ടർ ശ്രീ. A. p. ചാക്കോയുമാണ്.

## "പ്രകാശം"

മലബാറുകാർ പൊതുവേ കലാപ്രേമികളും സാഹിത്യ കുതുകികളും സഹൃദയരുമാണ്. കോഴിക്കോട്ട നഗരത്തിൽ എല്ലാ മതവിഭാഗക്കാർക്കും, അഭിപ്രായ ഗതിക്കാക്കുംതന്നെ അവരവരുടേതായ പ്രസിദ്ധീകരണങ്ങളുണ്ട്. എന്നാൽ ക്രൈസ്തവർക്കുമാത്രം ഒരു പ്രസിദ്ധീകരണവുമില്ല. അതുകൊണ്ടു മലയോരങ്ങളിലെ കർഷക കുടിയേററക്കാരുടെ പൊതുവും കത്തോലിക്കരുടെ പ്രത്യേകവുമായ ആവശ്യത്തെ മുൻനിറുത്തി അധികാരികളുടെ അംഗീകാരത്തോടെ 1956-നവമ്പ്രിൽ ഒരു പ്രസ്സു സ്ഥാപിക്കുകയും (അമലാപ്രസ്സ്) 'പ്രകാശ'മെന്ന പേരിൽ ഒരു പ്രസിദ്ധീകരണത്തിൻെറ പ്രസാധനം ആരംഭിക്കുകയും ചെയ്തു. അസത്യത്തിനും അനീതിക്കും എതിരായി പടപൊരുതുകയും, ബഹുജനാവശ്യങ്ങളും അവശതകളും അധികൃത സമക്ഷം അവതരിപ്പിക്കുകയും ചെയ്യുക എന്നതു പ്രകാശത്തിൻെറ ഒരു പ്രത്യേകതയാണ്. കമ്യൂണിസ്റ്റ് ദുർഭരണകാലത്ത് അവരുടെ ദുശ്ചേഷ്ടികളെ പ്രകാശം നിരന്തരം നിശിതമായി വിമർശിച്ചുകൊണ്ടിരുന്നു. ഇക്കാരണത്താൽതന്നെ പ്രകാശത്തിൻെറ പ്രിൻററും പബ്ളിഷരും ആയ ശ്രീ. എം. ടി.

അബ്രാഹത്തിൻെറയും, പ്രധാന പത്രാധിപർ ഫാ. ഹോർമ്മീസിൻെറയും പേരിൽ കമ്യൂണിസ്റ്റ് ഗവർമ്മേണ്ടു രണ്ടു കേസ്സുകൾ ഒരുമിച്ചു ഫയൽചെയ്തു. ശ്രീ. എസ്. കെ. കാദറും, ശ്രീ. ഷംസുദീനുമാണ് 'പ്രകാശ' ത്തിൻെറ വാക്താക്കളായി ഹൈക്കോർട്ടിൽ ഹാജരായിരുന്നതു്.

അമരാവതി-കൊട്ടിയൂർ തുടങ്ങിയ കുടിയേററ സ്ഥലങ്ങളിൽ ജനകീയ ഗവർമ്മേണ്ടു മൃഗീയമായ നരവേട്ട നടത്തി കുടിയിറക്കു നടത്തുകയും, ധനവാന്മാരും ജനനേതാക്കളും ഈ അനീതികൾ അരുനില്ക്കുകയും ചെയ്തപ്പോഴും 'പ്രകാശം' ആ അനീതിക്കെതിരിൽ ശക്തിയായി ഗർജ്ജിച്ചു.

## "ക്രിസ്റ്റോഫർ"

മലബാറിലെ കുടിയേററക്കാക്ക് മതപ്രധാനമായ ഒരു പ്രസിദ്ധീകരണവുമില്ലാതിരുന്നതുകൊണ്ടു ഫാദർ ഹോർമ്മീസിൻെറ പത്രാധിപത്യത്തിൽ 1958 ജൂലായി മുതൽ 'ക്രിസ്റ്റോഫർ' എന്നൊരു മാസിക പ്രസിദ്ധീകരിച്ചു തുടങ്ങി. എന്നാൽ തലശ്ശേരി രൂപതയുടെ ഔദ്യോഗിക നാവായി 'ഗിരിദീപം' പ്രകാശിച്ചു തുടങ്ങിയപ്പോൾ ഫാ. ഹോർമ്മീസ് ക്രിസ്റ്റോഫറിൻെറ പ്രസാധനം നിത്തുകയാണുണ്ടായതു്. അമലാ പ്രസ്സിനോടു സംബന്ധിച്ചു 1960 ൽ ഒരു പ്രോസസ്സ് സ്റ്റുഡിയോയും തുടങ്ങി.

# പ്രസിദ്ധീകരണ വകുപ്പ്

അമലാ പ്രസിദ്ധീകരണ വകുപ്പ് മററൊരു ഗണനീയ നേട്ടമാണ്. സാഹിത്യ-സാംസ്ക്കാരിക രംഗങ്ങളിൽ ക്രൈസ്തവരുടെ പിന്നോക്ക നില മനസ്സിലാക്കി അതിനൊരു പരിഹാരം കണ്ടെത്തുന്നതിനാണ് ഈ വകുപ്പു പ്രവത്തനം ആരംഭിച്ചത്. നല്ല നല്ല സാഹിത്യ കൃതികൾ-ജനതയെ സന്മാർഗ്ഗത്തിലേക്കും ഈശ്വര ബോധത്തിലേക്കും നയിക്കുവാൻ പോന്നവ-പ്രസിദ്ധീകരിക്കുക; വളരുന്ന കലാകാരന്മാക്ക് കഴിവിനൊത്ത പ്രോത്സാഹനം നൽകുക- എന്നീ കാര്യങ്ങൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി പരിമിതമായ കഴിവിനൊത്ത് അമലാ പ്രസിദ്ധീകരണ വകുപ്പ് ചെയ്തു വരുന്നുണ്ട്. നാളിതുവരെ തർജ്ജിമകളും അല്ലാതെയും 27 ഗ്രന്ഥങ്ങൾ പുറത്തു വന്നിട്ടുണ്ട്.

ഈദൃശ പ്രവത്തനങ്ങൾ കൊണ്ട് കാട്ട് നാടാവുകയും ജനങ്ങൾ പ്രബുദ്ധരാകയും ചെയ്തു. തന്മൂലം ചരിത്രം എന്നെന്നും സ്മരിക്കയും നന്ദി നേരുകയും ചെയ്യേണ്ട മഹത് വ്യക്തികളാണ് ഫാ. ഷാബോർ, ഫാ. ഫോർമീസ്, ഫാദർ റെയിനോൾഡ്സ് തുടങ്ങിയവർ. കോഴിക്കോടിന് പ്രത്യേകിച്ചും മലബാറിനു പൊതുവേയും ഇവരോടുള്ള കടപ്പാട് സീമാതീതമാണ്. ഈ മഹാത്മാക്കളുടെ മഹത്തായ കഴിവുകൾക്കു മുമ്പിൽ ഞങ്ങൾ കൂപ്പുകൈ അർപ്പിക്കയും അവക്ക് നന്ദി നേരുകയും ചെയ്യുന്നു.

CMI Works
*00014930*
K100 SA94
CMI
BAN
DHARMARA